## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. 1147 — 12.06.2014 ൽ മറുപടിക്ക്

### മണൽ ദൗർലഭ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ മേഖലയിൽ മണലിന്റെ ദൗർലഭ്യം മൂലം അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സംസ്ഥാനത്ത് നിർമ്മാണ ആവശ്യങ്ങൾക്കായി മണൽ ലഭിക്കുന്നില്ലെന്ന പരാതി പലപ്പോഴും വരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. തൃശ്ശൂർ, പാലക്കാട്, കാസർഗോഡ്, കോഴിക്കോട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ SAND എന്ന ഓൺലൈൻ വിപണന സംവിധാനത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കി മണൽ വിതരണം നടത്തുന്നു. ജില്ലകളിലെ നിർമ്മിതി കേന്ദ്രത്തിനു കീഴിലുള്ള 'കലവറ' മുഖേനയും മണൽ വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനായി കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൌസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ചു കൊണ്ട് 03.05.13 ലെ ജി.ഒ. (എം.എസ്) 183/13/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാണ മേഖലയിൽ മണൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഓൺലൈൻ മണൽ വിപണന സംവിധാനം തികച്ചും ഇടനിലക്കാരെ ഒഴിവാക്കിയാണ് മണൽ വിപണനം സാധ്യമാക്കുന്നത്. തൃശ്ശൂർ,പാലക്കാട്, കാസർഗോഡ്, കോഴിക്കോട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ നിലവിൽ ഓൺലൈൻ മണൽ വിതരണമാണ് നടന്നു വരുന്നത്. മറ്റ് ജില്ലകളിൽ കൂടി പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ